# ചില്ലകൾ

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ്
ബാച്ച് 2022-25

ബി ഇ എം എച്ച് എസ് എസ്
വടകര

# എന്റെ വിദ്യാലയം










# ഉള്ളടക്കം

പ്രകൃതിയുടെ രക്ഷകയായി വന്നവൾ ............ 10
അവസാനിക്കാത്ത യാത്ര ............................... 12
ഗോഡ്സ് ഓൺ കൺട്രി ................................ 14
പ്രകൃതിക്കും പറയാനുണ്ട് ............................. 16
നൃത്തം ........................................................ 18
ജീവിത വഴിത്താളുകൾ .............................. 20
പുതുമഴയിൽ നനഞ്ഞവൻ ........................... 23
സമ്മാനം .................................................. 24
ബാല്യം .................................................... 29
പുതുമഴ .................................................... 30
मेरा वह सपना ........................................ 32
മഴത്തുള്ളികൾ .......................................... 34
യാത്രക്കാരുടെ ശ്രദ്ധയ്ക്ക് ................................ 36
എന്റെ അരങ്ങേറ്റം .................................. 38
പ്രണയം ................................................. 41
ശുഭചിന്തകൾ .......................................... 43
സ്പ്രിംങ്ങ് ആക്ഷൻ ........................................ 46

# *Felicitations*



*At the outest of bringing out a new digital magazine in BEM HSS vatakara school, I would like to congratulate all the students behind this. May this New venture bring out all the unseen talents and creativity within you.*

*Best wishes.*

*Aneesh M A*
*Principal*

# *Felicitations*



*I am so proud to know that a Digital magazine has been published from our part. In my perusal I acknowledge that your dedication involvement and hard ships have made your job fruitful. Let me take this opportunity to deeply congratulate all the students who sincerely indulged in the fruition of this venture. The magazine is well furnished attributing all essential elements. It would certainly provide an insight to all the readers.*

*Ninu Thushara*
*Headmistress*

# എഡിറ്റോറിയൽ

ബി ഇ എം ഹയർ സെക്കൻഡറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിന്റെ ഡിജിറ്റൽ മാഗസിൻ "ചില്ലകൾ" ഇതാ ഇവിടെ നിങ്ങൾക്ക് വേണ്ടി അവതരിപ്പിക്കുന്നു. വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെയും,അദ്ധ്യാപകരുടെയും,രക്ഷിതാക്കള ുടെയും സർഗാത്മകതയുടെ ഒരു ശേഖരണമാണ് ഈ ചില്ലകളിലുള്ളത്.

ഈ ചില്ലകളെ ഇലകളാകുന്ന കൃതികളാൽ സമൃദ്ധമാക്കിയ സഹപാഠികൾക്കും അവരുടെ രക്ഷിതാക്കൾക്കും, പ്രിയ അദ്ധ്യാപകർക്കും നന്ദി നേരുന്നു. ഈ മാഗസീൻ സത്യമാക്കാൻ സഹായിച്ച അദ്ധ്യാപകർക്കും ആശംസകൾ നേർന്ന ഹെഡ്മിസ്ട്രസ്സ് നിനു ടീച്ചറോടും പ്രിൻസിപ്പൾ അനീഷ് മാഷിനോടും നന്ദി രേഖപ്പെടുത്തുന്ന .

ശ്രീവേദ് പി
എഡിറ്റർ



# എഡിറ്റോറിയൽ ബോർഡ്



ശ്രീവേദ് പി



ഓംകാർനാഥ് ഇ എം



സൗരവ് കെ



മുഹമ്മദ് റാഹിൽ

# ചരിത്രം

വടകര നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ബി ഇ എം എച്ച് എസ് അഥവാ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ ഹൈസ്കൂൾ. മിഷൻ സ്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം പൊതുവെ അറിയപ്പെടുന്നത്. കോഴിക്കോട് ജില്ലയിലെ വടകര വിദ്യഭ്യാസ ജില്ലയിൽ വടകര സബ് ജില്ലയിലാണ് ബാസൽ മിഷൻ എന്ന ജർമൻ മിഷണറി സംഘം 1884-ൽ സ്ഥാപിച്ച ഈ വിദ്യാലയം ഉൾപ്പെടുന്നത്. വടകര നഗരത്തിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്ന് കൂടിയാണിത്.

ആദ്യം വെറും ഒരു ക്ലാസ് മാത്രമായി ആരംഭിച്ച ഈ വിദ്യാലയത്തോട് നാല് കൊല്ലത്തിനു ശേഷം ശ്രീ. രാമർ ഗുരുക്കളുടെ പ്രൈമറി വിദ്യാലയം കൂട്ടിച്ചേർത്തു. 1917 ൽ ശ്രീ. എം. സി. ഐപ്പ് ഹെഡ് മാസ്റ്റർ ആയിരുന്ന കാലത്ത് ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. 1923 ൽ ഈ സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. യുടെ ആദ്യബാച്ച് പരീക്ഷ എഴുതി.



റൈറ്റ്. റവ. ഡോ. റോയിസ് മനോജ് വിക്ടർ
(ബിഷപ്പ് CSI മലബാർ ഡയോസിസ്)



റവ. സുനിൽ പുതിയാട്ടിൽ
(മാനേജർ)

# പ്രകൃതിയുടെ രക്ഷകയായി വന്നവൾ

കഥ



ശ്രീദേവ് 7 ബി

കൃഷ്ണ എന്ന ഒരു പെൺകുട്ടിയുടെ കഥയാണിത് . തന്റെ ജീവിതം പ്രകൃതിക്കുവേണ്ടി ജീവിച്ചവൾ. "കൃഷ്ണ എന്നാണ് എന്റെ പേര് . എനിക്ക് പ്രകൃതിയെ വളരെ വളരെ ഇഷ്ടമാണ്. ചെറുപ്പം തൊട്ടേ ഞാൻ പ്രകൃതിയെ മനസ്സിലാക്കി തുടങ്ങി . ഞാൻ നന്നായി പഠിച്ച വലുതായി. ഇതിനിടയിൽ ഞാൻ പഞ്ചായത്ത് കൗൺസിലറായി. അതോടുകൂടി എനിക്ക് പ്രകൃതിയെ പരിപാലിക്കാൻ കഴിഞ്ഞു. ഞാൻ ജീവിക്കുന്നത് നാട്ടിൻപുറത്താണെങ്കിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം എപ്പോഴും കൂടിക്കൊണ്ടിരുന്നു. എത്ര തവണ ഹരിത കർമ്മ സേന വന്ന് വൃത്തിയാക്കുകയും പ്ലാസ്റ്റിക്കുകൾ കൊണ്ടുപോയിട്ടും എന്റെ നാട് പ്ലാസ്റ്റിക്കിന്റെയും വേസ്റ്റിന്റെയും കുമ്പാരമായി മാറിക്കൊണ്ടിരുന്നു. ഇതിന് ഒരു പരിഹാരം ഉണ്ടാക്കാൻ ഞാൻ തീരുമാനിച്ചു. ഞാൻ ഒരു ഗ്രാമസഭ വിളിച്ചുകൂട്ടി സഭയുടെ പേര് "പ്രകൃതിക്കും പറയാനുണ്ട്" പേര് പോലെ തന്നെ ഞാൻ പ്രകൃതി ഇപ്പോൾ അനുഭവിക്കുന്ന വേദന സദസ്സിൽ വിവരിച്ചു: പ്രിയപ്പെട്ട ജനങ്ങളെ നമ്മുടെ ഭൂമിയുടെ ഹൃദയമാണ് പ്രകൃതി അങ്ങനെയുള്ള ഈ ഹൃദയത്തെ നമ്മൾ നശിപ്പിക്കാൻ ശ്രമിക്കുന്നത് നമുക്ക്

തന്നെയല്ലേ ആപത്ത്. ഉദാഹരണം നിങ്ങളുടെ ഹൃദയത്തിന് രോഗം വന്നാൽ നിങ്ങൾ ഇല്ലാതാവില്ലേ

അതുപോലെ നമ്മൾ പ്രകൃതിയെ നോവിച്ചാൽ നമ്മുടെ ഭൂമിക്കും നമുക്കുമാണ് ആപത്ത്. നിങ്ങൾക്കറിയാമോ നമ്മുടെ പ്രകൃതി എത്ര സുന്ദരം ആണെന്ന്? നിങ്ങൾ ഒന്ന് ചുറ്റുപാടും നോക്കൂ, എവിടെയെങ്കിലും പ്രകൃതിയുടെ മനോഹാരിത നിങ്ങൾ കാണുന്നുണ്ടോ? പ്ലാസ്റ്റിക് വരുന്നതിന് മുമ്പ് നമ്മുടെ പ്രകൃതി എത്ര സുന്ദരമായിരുന്നു? കാടുകൾ, മലകൾ, നദികൾ, എന്നിങ്ങനെ എല്ലാം ഉണ്ടായിരുന്നു? നിങ്ങൾ ഇപ്പോൾ എവിടെയെങ്കിലും ശുദ്ധമായ നദികൾ അല്ലെങ്കിൽ കുളങ്ങൾ കാണുന്നുണ്ടോ? കാടുകളും, മലകളും, കുന്നുകളും,



അങ്ങനെയെന്തെങ്കിലുമുണ്ടോ ഇപ്പോൾ എവിടെ നോക്കിയാലും ഫാക്ടറികൾ, റോഡുകൾ അങ്ങനെ എന്തെല്ലാമാണ് ഇപ്പോൾ ഈ പ്രകൃതിയിൽ ഉള്ളത്. ഇത് നിങ്ങൾ ഞാൻ പറയുന്ന വാക്കുകളായി കാണേണ്ട. നിങ്ങൾ പ്രകൃതിയെ നോക്കൂ അപ്പോൾ പ്രകൃതി തന്നെ പറയും ഞാൻ എന്തുകൊണ്ടാണിങ്ങനെയായെന്ന്. ഈ പ്രളയങ്ങൾ സംഭവിച്ചതെന്തു കൊണ്ടെന്നറിയുമോ? നിങ്ങൾ പ്രകൃതിക്കു കൊടുത്തതെല്ലാം പ്രകൃതി നിങ്ങൾക്ക് തന്നതാണെന്ന്?

ജനങ്ങൾ പ്രകൃതിയെ പരിപാലിക്കുക. നമ്മൾ പ്രകൃതിയെ എത്രത്തോളം സ്നേഹിക്കുന്നുവോ അത്രത്തോളം പ്രകൃതി നമ്മെയും സ്നേഹിക്കും." ഇങ്ങനെ പലപലവേദികളിൽ കൃഷ്ണ പ്രകൃതിക്ക് വേണ്ടി വാദിച്ചു സമരങ്ങൾ ചെയ്തു. അങ്ങനെ തന്റെ ജീവിതം പ്രകൃതിയുടെ കാൽക്കർ സമർപ്പിച്ചു നോക്കൂ. കൂട്ടുകാരെ കൃഷ്ണയെ പോലെ ആവണം നമ്മളെല്ലാവരും നമ്മളാണ് നാളത്തെ പ്രകൃതിയെ സംരക്ഷിക്കേണ്ടത്.

# അവസാനിക്കാത്ത യാത്ര

കഥ

ഒരു നാട്ടിൽ ഒരു വളരെ നല്ല സ്വഭാവമുള്ള ഒരു സഞ്ചാരിയുണ്ടായിരുന്നു. അയാൾ ജനങ്ങളോട് നല്ലവണ്ണം ഇടപഴകി ജീവിക്കുന്ന ആളായിരുന്നു. എല്ലാവർക്കും അയാളെ വളരെയധികം ഇഷ്ടമായിരുന്നു. അയാൾ ഓരോ നാട്ടിലും പോയി ആ നാട്ടിൽ നല്ല ബന്ധം സ്ഥാപിക്കുമായിരുന്നു. അയാൾ മറ്റുള്ളവരുടെ വിഷമങ്ങൾ മനസ്സിലാക്കി അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യും. ആ സ്വഭാവമാണ് ജനങ്ങളെ ആകർഷിച്ചത്. ഒരു ദിവസം അദ്ദേഹം ദൂരെയുള്ള ഒരു ഗ്രാമത്തിൽ പോകാൻ തീരുമാനിച്ചു. വളരെ ദരിദ്രമായ ആ ഗ്രാമത്തിൽ ചെന്നതും അയാളുടെ ഉള്ളു ഒന്നു തുടിച്ചു. ഒരു നേരത്തെ ഭക്ഷണത്തിന് പോലും ആ ഗ്രാമത്തിലെ ഭൂരിഭാഗം പേർക്കും കാശുണ്ടായിരുന്നില്ല പലർക്കും വീടുപോലുമില്ല. അപ്പോൾ അദ്ദേഹം



ഗ്രാമത്തിലെ ഒരു വ്യക്തിയോട് ഇതിനോടുള്ള കാരണം ചോദിച്ചു. അയാൾ പറഞ്ഞു കഴിഞ്ഞ ആഴ്ച ഇവിടെ ഭൂചലനം ഉണ്ടായിരുന്നു എല്ലാവരുടെയും വീടും സ്വത്തും സ്വപ്നങ്ങളും എല്ലാം അതിൽ തകർന്നു. ഭൂചലനത്തിൽ കുറെ പേർ മരിച്ചു. കുറെ പേർക്ക് പരികേറ്റു. ഭക്ഷണം കിട്ടാതെ കുറെ മരിച്ചു. സഞ്ചാരിക്ക് ഇനി അത് കണ്ടുനിൽക്കാൻ സാധിച്ചില്ല. അദ്ദേഹം തന്റെ മുഴുവൻ സമ്പത്തും ആ ഗ്രാമത്തിന് നൽകി. അത് അവർക്ക് ഒരു മാസത്തേക്ക് വിശപ്പകറ്റാൻ ഉണ്ടായിരുന്നു. അയാൾ തീരുമാനിച്ചു താൻ ലോകം മുഴുവൻ യാത്ര ചെയ്യും. ഇവരുടെ ദാരിദ്ര്യം അവസാനിപ്പിക്കും എന്നും അദ്ദേഹം തീരുമാനിച്ചു. അന്നയാൾ പുറപ്പെട്ട് പല പട്ടണങ്ങളും ഗ്രാമങ്ങളും താണ്ടി. ഇപ്പോൾ അയാളുടെ കയ്യിൽ കുറെ കാശുണ്ടെങ്കിലും അയാൾ ഒരു ദിവസം കഴിക്കുന്നത് വെറും രണ്ട് റൊട്ടി ആയിരുന്നു ഉറങ്ങിയത് തെരുവുകളിൽ

ആയിരുന്നു. ഇതിനിടെ അയാൾക്ക് മാരകമായ ഒരു അസുഖം ബാധിച്ചു. ഇനി യാത്ര തുടരാൻ പറ്റാത്ത അവസ്ഥയായി. വൈദ്യർ പറഞ്ഞത് ഈ രോഗത്തിന് മരുന്നില്ല മരണത്തിന് വിട്ടുകൊടുക്കണമെന്നാണ്. പക്ഷേ അദ്ദേഹത്തിന്റെ മനസ്സിൽ ഒരു കാര്യം മാത്രമായിരുന്നു ഉണ്ടായിരുന്നത് ആ ഗ്രാമത്തിന് കരകയറ്റണം. കുറച്ചുനാൾ മാത്രമായിരുന്നു അയാളുടെ മുന്നിൽ ഉണ്ടായിരുന്നത് അയാൾ കിട്ടിയ തുക ആ ഗ്രാമത്തിന് കൈമാറാൻ പുറപ്പെട്ടു. അന്ന് രാത്രി അയാൾക്ക് ഒരു കാട്ടിലാണ് താങ്ങേണ്ടിവന്നത് അയാൾ ഉറങ്ങാൻ കിടന്നു. അയാളുടെ കണ്ണ് തുറന്നപ്പോൾ അയാൾ കണ്ടത് സാധാരണക്കാഴ്ചയല്ലായിരുന്നു. ഒരു ദൈവികരൂപമായിരുന്നു. ദൈവം അയാളോട് പറഞ്ഞു ഞാൻ നിങ്ങളെ പരലോകത്തിൽ കൂട്ടിക്കൊണ്ടുപോകാൻ വന്നതാണ് സഞ്ചാരി സമ്മതിച്ചില്ല അയാൾ ദൈവത്തോട് ഇതുവരെ നടന്നതെല്ലാം പറഞ്ഞു. "എനിക്ക് അവരെ സഹായിച്ചാലേ പരലോകത്തേക്ക് എനിക്ക് സമാധാനം ഉണ്ടാകൂ". ഇത് കേട്ട് ദൈവത്തിനു ദയ തോന്നി. ദൈവം അയാളുടെ അസുഖം ഭേദമാക്കി. അയാൾ ദൈവത്തോട് നന്ദി പറഞ്ഞു. അങ്ങനെ അയാൾ ആ ഗ്രാമത്തെ സഹായിച്ചു. പിന്നീട് അയാൾ പുതിയ ഗ്രാമത്തെ തേടിയുള്ള അയാളുടെ യാത്ര തുടർന്നു.



**മുഹമ്മദ് നജാത്**
**9 എ**

# ഗോഡ്സ് ഓൺ കൺട്രി

## കവിത



വിശാൽ കൂത്തുപറമ്പ്
അധ്യാപകൻ

കയ്യിലെ മഴ എറിഞ്ഞുണ്ടായതാണെന്ന് ഒരു കൂട്ടർ
കൈപ്പടയിൽ സായിപ്പെഴുതിയതാണെന്ന് ഒരു കൂട്ടർ
ഗോഡ്സ് ഓൺ കൺട്രി എന്ന് പാടിടുമ്പോൾ
ഗോഷ്ഠി കാണിച്ചു കളിച്ചിടുന്നു വേറെ കൈകൾ
നരബലിക്കായി കൈകുപ്പുന്നവർ ചിലർ
നാരികളെ തല്ലാൻ ഒരുക്കി മറ്റു ചിലർ
നാടായ നാടൊക്കെ തുരക്കുന്നു ചിലർ
നാട്ടിൻമേലെ പാളം പണിയാനെന്ന് മറ്റുചിലർ
മധുപം നുകരുന്നുണ്ടെന്ന് പറഞ്ഞവർ
മധുവിനെ കയ്യാമം വെച്ച് പറഞ്ഞയച്ചവരിവർ
മലകൾ ഇടിച്ചു മദോന്മത്തരായവർ
മല കയറ്റി മോക്ഷപ്രാപ്തരായവരിവർ
താളം തെറ്റിയ പ്രകൃതിക്ക്
താളത്തിൽ ഓതുവാൻ രാഗമില്ല
താരാട്ടാനീണം പോലുള്ളൂർവ്വിയെ
താഴെ വയ്ക്കാതെ കാത്തിടാം നമുക്ക്

# സ്പോർട്സ് ഡേ










# പ്രകൃതിക്കും പറയാനുണ്ട്

കഥ

ഒരു ദിവസം രാവിലെ രാമു എണീറ്റു. രാമു എല്ലാ പണികളും കഴിഞ്ഞ് അവൻ സ്കൂളിൽ പോകാൻ ഒരുങ്ങുകയാണ്. ഒരുങ്ങിക്കഴിഞ്ഞ് അവൻ സ്കൂളിലേക്ക് നടക്കുകയാണ്. ഏകദേശം ഒരു കിലോമീറ്റർ ദൂരമുണ്ടാകും സ്കൂളിലേക്ക്. അവൻ നടന്ന് നടന്ന് സ്കൂളിലെത്തി. രാമു വൈകിയാണ് എത്തിയത്. അതുകൊണ്ട് ടീച്ചർ അവനെ ക്ലാസിന്റെ വെളിയിൽ നിർത്തി. അവൻ അപ്പോഴും ക്ലാസ്സിൽ നിന്ന് ടീച്ചർ പഠിപ്പിക്കുന്നത് എല്ലാം ശ്രദ്ധിക്കുന്നുണ്ട്. ടീച്ചർ പ്രകൃതിയെ കുറിച്ചാണ് പറയുന്നത്. പ്രകൃതിക്കിടയിൽ ധാരാളം മരങ്ങൾ, ചെടികൾ, പൂക്കൾ എല്ലാമുണ്ട്. നമ്മൾ മനുഷ്യരാണ് ചെടികൾ മരങ്ങൾ എല്ലാം നശിപ്പിക്കുന്നത്. നമുക്ക് എവിടുന്നാണോ ശ്വാസം കിട്ടുന്നത്, വൃക്ഷങ്ങളിൽ നിന്നല്ലേ? അപ്പോൾ നമ്മൾ വൃക്ഷങ്ങൾ നശിപ്പിച്ചാൽ നമുക്ക് ശ്വാസം എങ്ങനെ കിട്ടും? അതുകൊണ്ടാണ് വൃക്ഷങ്ങളെ നശിപ്പിക്കരുത് എന്ന് പറയുന്നത്.

സ്കൂൾ കഴിഞ്ഞ് രാമു വീട്ടിലേക്ക് നടക്കുകയാണ്. അവന്റെ മനസ്സിൽ എന്തൊക്കെയോ ചിന്തിക്കുകയാണ്. അവൻ വീട്ടിലെത്തി കുളിച്ച്, കഴിച്ച് കിടന്നുറങ്ങി. അവൻ രാവിലെ നേരത്തെ എണീറ്റ് ഇന്ന് വൈകരുതെന്ന് എന്ന് വിചാരിച്ച് വേഗം സ്കൂളിലെത്തി. അവൻ ഇന്ന് നേരത്തെ എത്തി. ക്ലാസിൽ ആരും വന്നിട്ടില്ല. അവൻ കുറെ നേരം കാത്തുനിന്നു. കുറച്ച് കഴിഞ്ഞ് എല്ലാ കുട്ടികളും വന്നു. ടീച്ചർ വന്ന് ക്ലാസും എടുത്ത് ക്ലാസ് എല്ലാം കഴിഞ്ഞ് സ്കൂൾ വിട്ടപ്പോൾ അവൻ അവന്റെ കൂട്ടുകാരനായ രാജേഷിനോട് പറഞ്ഞു നാളെ ശനിയാഴ്ച അല്ലേ നമുക്ക് നമ്മുടെ ടീച്ചറുടെ വീട്ടിനടുത്തുള്ള ഗ്രൗണ്ടിൽ കളിക്കാൻ പോകാം. പിറ്റേന്ന് രാവിലെ അവൻ എണീറ്റ് കളിക്കാൻ രാജേഷിന്റെ വീട്ടിൽ പോയി. "രാജേഷ് വാ, നമുക്ക് കളിക്കാൻ പോകാം."

രാജേഷ് വന്നു. രാജേഷും രാമുവും കൂടെ

ഗ്രൗണ്ടിൽ എത്താനായി അവർ ടീച്ചറിന്റെ വീട് കണ്ടു. അവിടെ ഒരു മരം മുറിക്കുകയായിരുന്നു. അവർ ടീച്ചറിനോട് ചോദിച്ചു, എന്തിനാ ടീച്ചറേ ഈ മരം വെട്ടുന്നെ? ടീച്ചർ പറഞ്ഞു ഇതിൻറെ ചില്ലകൾ എല്ലായിടത്തേക്കും വളരുന്നുണ്ട്. അതുകൊണ്ടാണ് വെട്ടുന്നത്. അപ്പോൾ രാമു പറഞ്ഞു. ടീച്ചർ തന്നെയല്ലേ നമ്മളോട് പറഞ്ഞത് മരങ്ങൾ നശിപ്പിക്കരുത് ടീച്ചർ തന്നെ വെട്ടുന്നു. ടീച്ചർ, ആ മരം എന്തു ചെയ്തിട്ടാണ് ഇതിനെ ഇങ്ങനെ വെട്ടുന്നത്. വേണമെങ്കിൽ അതിന്റെ ചില്ലകൾ കുറച്ചു വെട്ടി കളഞ്ഞാൽ പോരെ? ടീച്ചർ, പ്രകൃതിക്കും എന്തൊക്കെ പറയാൻ ഉണ്ടാകും അതെല്ലാം ടീച്ചർ എന്താണ് കേൾക്കാത്തത്? രാമുവിന്റെ ഈ വാക്കുകൾ കേട്ടിട്ട് ടീച്ചർ മരംവെട്ടുകാരോട് പറഞ്ഞു അതിന്റെ കുറച്ചു ചില്ലകൾ മാത്രം വെട്ടിക്കളഞ്ഞാൽ മതിയെന്ന്. ഇത് കേട്ട് രാജേഷും രാമുവും സന്തോഷത്തോടെ കളിക്കാൻ പോയി.



**ഡിയോൺ എസ് പോൾ**
**7 എ**





# നൃത്തം

അനാമിക - 9 ബി

കഥ

പത്താംതരത്തിലെ അവസാനത്തെ പരീക്ഷ മലയാളമായിരുന്നു. പരീക്ഷ എഴുതുന്ന സമയത്ത് മഴ കോരിച്ചൊരിയുന്നുണ്ടായിരുന്നു. ടീച്ചർമാരുടെ കണ്ണിലുണ്ണി, ക്ലാസിലെ കുട്ടികൾക്ക് വായാടി കൂടെ പഠിപ്പി, കലാകാരി. പേര് പാർവതി. എല്ലാവർക്കും എന്താണെന്നറിയില്ല അവളെ വലിയ ഇഷ്ടമായിരുന്നു. മഴയായിരുന്നു അവളുടെ ഏറ്റവും അടുത്ത കൂട്ടുകാരി. എന്ത് സങ്കടം വന്നാലും സന്തോഷം വന്നാലും അവൾ ആദ്യം പങ്കുവെക്കുന്നത് മഴയോട് ആണ്. അവൾ ആലോചിക്കുകയാണ്, മലയാളം പരീക്ഷ എഴുതുമ്പോൾ എന്നും മഴയാണ്. ആ മഴയിൽ നോക്കി മഴ പറയുന്ന കാര്യങ്ങൾ ഉത്തര പേപ്പറിൽ പകർത്തി എഴുതാറുണ്ട് പാർവതിയുടെ പതിവ്.

പാർവതി പരീക്ഷ എഴുതി തീർത്തു. ആ സ്കൂളിലെ അവസാനത്തെ ദിവസം. എല്ലാവരും സന്തോഷിക്കുകയാണ്. പക്ഷേ അവൾക്കതിനു സാധിച്ചില്ല. അപ്പോഴാണ് താൻ എത്ര മാത്രമാണ് ഈ സ്കൂൾ ജീവിതം ആസ്വദിച്ചിരുന്നത് എന്ന് ഓർത്തുപോയി. വൈകുന്നേരം 3 മണിക്കാണ് കലോത്സവത്തിന് ജയിച്ച കുട്ടികൾക്ക് സമ്മാനവിതരണം. അപ്പോഴാണ് അവൾക്ക് കാര്യം ഓർമ്മ വന്നത്. നമ്മുടെ അടുത്ത കൂട്ടുകാരിയാണ് പ്രിയ. പോകുന്ന വഴി അവളെയും കൂട്ടി. പ്രിയ നല്ല പാട്ടുകാരിയാണ്. പ്രിയ എന്തൊക്കെയോ അവളോട് പറയുന്നുണ്ടായിരുന്നു. അതിനിടയിൽ പ്രിയ പറഞ്ഞപ്പോഴാണ് ആ കാര്യം മനസ്സിൽ ഓർമ്മ വന്നത്. അടുത്ത മാസമാണ് ജില്ലാതല പരിപാടികൾ പ്രിയ ചോദിച്ചു

"ഡീ, നിന്റെ ഭരതനാട്യത്തിന്റെ ചിലങ്കവാങ്ങി ഇല്ലല്ലോ?"

നൃത്തം പാർവതിയുടെ രക്തത്തിൽ അലിഞ്ഞുചേർന്ന കല. വലുതായാൽ ഒരു നൃത്തകാരിയാകാനാണ് ആഗ്രഹം. ഭാവങ്ങളുടെ വിസ്മയ ലോകം തീർക്കുന്ന നൃത്തം പാർവതിയുടെ ജീവനാണ്, ജീവിതമാണ്. സ്കൂൾ കലോത്സവത്തിൽ ഭരതനാട്യം ഒന്നാം വിജയിയാണ്. അഞ്ചു വയസ്സു മുതൽ പഠിക്കുന്ന ഈ കല അതിമനോഹരമായിരുന്നു വേദിയിൽ കാഴ്ചവച്ചുകൊണ്ടിരുന്നത്. എല്ലാ വർഷവും കലോത്സവങ്ങളിൽ ആളുകളുടെ എഴുന്നേറ്റു നിന്ന് കൈയ്യടിക്കുന്ന ഇനങ്ങളിൽ ഒന്നായിരുന്നു പാർവതിയുടെ ഭരതനാട്യം. കലാമണ്ഡലത്തിലെ ടീച്ചറായിരുന്നു അമ്മ. അമ്മയെ കണ്ടാണ് മകൾ പഠിക്കുന്നതെന്ന് നാട്ടുകാർ പറയും. അമ്മയുടെയും അച്ഛന്റെയും ഒറ്റ മകളാണ്. പാർവതി അവളെ വലിയൊരു നൃത്തക്കാരിയായി കാണാനാണ് അവർക്കിഷ്ടം. വരാന്തയിലൂടെ നടക്കുമ്പോൾ പാർവതി പല പല കാര്യങ്ങൾ ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. സ്റ്റേജിനടുത്ത് എത്തിയത് അവളറിഞ്ഞില്ല.

എല്ലാവർക്കും സമ്മാനങ്ങൾ കൊടുത്തു തുടങ്ങി. മൈക്കിൽ പാർവതി എന്ന പേര് കേട്ടതും അവൾ സ്റ്റേജിലേക്ക് കയറി. ആ ഒരു സമ്മാനം അതെത്ര വലുതായാലും ചെറുതായാലും മനസ്സിന് വളരെയധികം സന്തോഷമാണവൾക്ക്. തിരികെ ഇറങ്ങുമ്പോൾ അവളുടെ മനസ്സിൽ ഉണ്ടായിരുന്നു. "ഈ ജില്ലാ മത്സരത്തിൽ എനിക്ക് ജയിക്കാൻ കഴിയണേ ഭഗവാനേ." എന്നും ഈ ഒരു പ്രാർത്ഥന കൂടെയുണ്ടാകും. ഇത് മൂന്നാമത്തെ പ്രാവശ്യമാണ് ജില്ലയിലേക്ക് അവസരങ്ങൾ കിട്ടുന്നത്. 2 പ്രാവശ്യം പല സാഹചര്യങ്ങളാൽ സ്റ്റേജിൽ കയറാൻ കഴിഞ്ഞില്ല. ഒരുതവണ സ്റ്റേജിൽ നിന്ന് കുഴഞ്ഞു വീണു. അവളുടെ മനസ്സിൽ ഒന്ന് മാത്രമായിരുന്നു. ഈ മത്സരത്തിൽ പാർവതിയുടെ പേര് ഉണ്ടായിരിക്കണം. തിരികെ വീട്ടിലേക്ക് പോവുകയാണ് ഒറ്റക്കാണ് പോകുന്നത്. പോകുന്ന വഴി ഒരു മിഠായി വാങ്ങി വായിൽ ഇട്ടു പലതും അവൾ ആലോചിച്ചു. സ്വന്തമായി ഒരു ചിലങ്ക അതൊരു സ്വപ്നമായിരുന്നു. ജില്ലയിൽ ജയിച്ചാൽ ചിലങ്ക അച്ഛന്റെ സമ്മാനമാണ് ചിലങ്ക വാങ്ങാൻ അമ്മ പറഞ്ഞതാണ് പക്ഷേ അച്ഛൻ വാങ്ങിച്ചു തന്നാൽ ആണ് അവൾക്ക് സന്തോഷം.

ഓരോ കാര്യങ്ങൾ ഓർത്ത് മിഠായിയോടൊപ്പം അവൾ സ്വപ്നത്തിൽ അലിയുകയാണ്. അപ്പുറത്തുനിന്ന് കാർ വരുന്നത് അവൾ കണ്ടിരുന്നില്ല. അത് അവളെ തട്ടി നിർത്താതെ പോയി. കാലിൽ നിന്ന് നന്നായി രക്തം വരുന്നുണ്ടായിരുന്നു. കുറച്ച് സമയം കരഞ്ഞു. പിന്നെ എപ്പോഴാണോ ബോധം പോയതെന്നറിയില്ല.

ഹോസ്പിറ്റലിൽ വച്ചാണ് ബോധം തിരികെ വന്നത് കണ്ണ് തുറന്ന് നോക്കുമ്പോൾ അമ്മ അടുത്തുണ്ട് എന്താണെന്നറിയില്ല കണ്ണ് നിറഞ്ഞിരിക്കുന്നു. അവൾ ചോദിച്ചു, അച്ഛനെവിടെ? പുറത്തുണ്ട് മോളെ എന്നായിരുന്നു അമ്മയുടെ മറുപടി എന്താണ് എനിക്ക് സംഭവിച്ചത് എന്നും ഓർമ്മ വരുന്നില്ല. പാർവതി ഓർത്തെടുക്കാൻ ശ്രമിച്ചു. അമ്മയോട് ചോദിച്ചു. അപ്പോഴാണ് തനിക്ക് എന്താണ് സംഭവിച്ചത് എന്ന് അറിയുന്നത്. കാലിലെ ഒരെല്ല് ഒടിഞ്ഞിരിക്കുന്നു. ഒരു ചെറിയ ഓപ്പറേഷൻ കഴിഞ്ഞു. രണ്ടുദിവസം കഴിഞ്ഞ് ഒന്നുകൂടിയുണ്ട് കുറെ നാളത്തേക്ക് വിശ്രമിക്കാൻ ആണ് ഡോക്ടർ പറഞ്ഞിരിക്കുന്നത്. കാലിൽ കമ്പി ഇട്ടിരിക്കുകയാണ് അതുകൊണ്ട് ഇനി കുറച്ചുകാലം ഡാൻസ് കളിക്കാൻ കഴിയില്ല. എന്ത് പറയണം എന്ന് അറിയാത്ത അവസ്ഥയിലായിരുന്നു അവളുടേത്. കരഞ്ഞുകൊണ്ടേയിരുന്നു. അമ്മ സമാധാനിപ്പിക്കുന്നുണ്ട് പക്ഷേ അവളുടെ മനസ്സ് അവിടെയായിരുന്നില്ല. ജില്ലാ കലോത്സവം അവളുടെ പരിപാടി. അമ്മയോട് പറഞ്ഞു. ഈ വർഷമല്ലേ അത് സാരമില്ല. കരച്ചിൽ അടക്കാൻ കഴിഞ്ഞില്ല.

നൃത്തം നിന്റെ രക്തത്തിലലിഞ്ഞതാണ് നൃത്തത്തോടൊപ്പമുള്ള ഈ യാത്ര ഒരിക്കലും അവസാനിക്കുന്നില്ല. അമ്മ പറഞ്ഞ ആ വാക്കുകളാണ് അവളെ തിരികെ ജീവിതത്തിലേക്ക് നയിച്ചത്.



# ജീവിത വഴിത്താളുകൾ

**കഥ**

തോമ സന്തുഷ്ടവാനാണ്. അയാളോടൊപ്പം അയാൾക്ക് പ്രിയപ്പെട്ടവരുണ്ട്. നീണ്ടുകിടക്കുന്ന പച്ച പരവതാനി അയാൾ മേഘലങ്ങൾക്കിടയിലൂടെ വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. തന്റെ കാലുകളിൽ നിന്ന് ഒരു ഊർജ്ജം കയറി വരുന്നത് അയാൾക്ക് അനുഭവപ്പെട്ടു.

കുറച്ചുകാലങ്ങൾക്കു മുമ്പ് തന്റെ കിടക്കയിൽ കിടക്കുകയായിരുന്ന തോമ നിർവികാരമായ കണ്ണുകൾ ഭിത്തിയിലെ ചിത്രത്തിലേക്ക് നയിച്ചുകൊണ്ട് അയാൾ കിടക്കുന്നു. താൻ ഏറെക്കാലം മുമ്പ് പോയ ഒരു കുന്നായിരുന്നു ചിത്രത്തിൽ. ആ മനോഹരമായ പശ്ചാത്തലത്തിന് മുമ്പിൽ തന്റെ പഴയ കൂട്ടുകാരുമായി നിൽക്കുന്ന തോമ എന്ന തോമസ് മത്തായി. എന്നാൽ ആ ചിത്രത്തിലെ തോമസിന് രണ്ടുകാലിൽ നിൽക്കാനാകും എന്നാൽ തന്റെ ശയ്യയിൽ മരണത്തെ കാത്തു കിടക്കുന്ന തോമയ്ക്ക് തന്റെ കാലുകൾക്ക് മേലുള്ള അധികാരം നഷ്ടമായിരുന്നു. അപ്പുറത്തെ മുറിയിൽ നിന്ന് കൊച്ചുമക്കൾ ടിവി കാണുന്ന ശബ്ദം. അയാൾ കേട്ടു ഡോറയുടെ പ്രയാണം കണ്ടു കൊണ്ടിരിക്കുന്ന കുട്ടികൾ പുഴ മല വീട് എന്ന് പറയുന്നത് കേട്ട് തോമ പെട്ടെന്ന് എന്തോ ആലോചിച്ചു പോയി. ജനങ്ങൾ കൊണ്ടാടിയിരുന്ന, കൊടുമുടികൾ കീഴടക്കിയ തോമസ് മത്തായി ആർക്കും വേണ്ടാതെ കിടക്കയിൽ ചുരുണ്ടു കിടക്കുന്ന തോമസ് ആയി മാറിയത് എങ്ങനെയായിരുന്നു.നിർവികാരമായിരുന്ന കണ്ണുകളിൽ നേർത്ത നനവ് പടരുന്നത് അയാൾ അനുഭവപ്പെട്ടു.

താനും ഉത്തരേന്ത്യക്കാരനായ ഒരു സൗരവ് ടാക്കൂറും , ധർമ്മേന്ദ്ര സിംഗ് എന്ന സിക്കുകാരനും ചേർന്ന് തന്റെ ജീവിതാഭിലാഷം നിറവേറ്റാൻ വേണ്ടി പുറപ്പെട്ട ദിവസം. അധികമാരും അന്ന് പരിശ്രമിച്ചിട്ടില്ലായിരുന്ന എവറസ്റ്റ് കയറ്റം എന്ന തന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടതായി തോമയ്ക്ക് തോന്നിയിരുന്നു, ആ നിമിഷം വരെ എന്നാൽ മൂടിക്കിടന്ന് മഞ്ഞിൽ കിടന്ന് ഒരു മരത്തടി അയാൾക്ക് സമ്മാനിച്ചത് ജീവിതമെന്ന യാത്ര അവസാനിപ്പിക്കാനുള്ള ത്വരയായിരുന്നു. അരക്ക് താഴെ തളർന്നുപോയ തന്നെ തന്റെ ഭാര്യ ശുശ്രൂഷിച്ചു പോന്നു. എന്നാൽ അഞ്ച് വർഷങ്ങൾക്കു മുമ്പ് ഭാര്യ തന്നെ തനിച്ചാക്കി പോയിരുന്നു. ഇപ്പോൾ ആകെപ്പാടെ വീട്ടിലുള്ളത് അയാളുടെ മകൻ റിനിയും അവന്റെ ഭാര്യയും മക്കളും ആണ്. ജോലിത്തിരക്ക് കാരണം നേരാവണ്ണം തന്നെ നോക്കാൻ ശ്രമിക്കുക കഴിയുമായിരുന്നില്ല. അതിൽ

തോമയ്ക്ക് സങ്കടം ഒന്നുമില്ല. ജീവിതം മടുപ്പിക്കുന്നതായി അയാൾക്ക് തോന്നിയിരുന്നു.

എല്ലാദിവസവും എന്നപോലെ തോമ ആ ശനിയാഴ്ചയും എഴുന്നേറ്റു തന്റെ കിടക്കയിൽ വച്ച പാത്രത്തിലെ വെള്ളം കൊണ്ട് മുഖം കഴുകി. അടുത്ത മുറിയിൽ നിന്നും കുട്ടികളുടെ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. അവർ എന്തിനോ വേണ്ടി ഒരുങ്ങുകയാണ്. അപ്പോഴാണ് റെനിയുടെ ഭാര്യ വന്ന് തോമയെ വിളിക്കുന്നത് അപ്പച്ച ഒരു സ്ഥലം വരെ പോകാനുണ്ട്. അവൾ അയാളെ ചക്ര കസേരയിൽ ഇരുത്തി അയാളെ അടുത്ത മുറിയിൽ ഇരുത്തി. കുട്ടികളുടെ ബഹളം കേട്ട് അവൾ അപ്പുറത്തേക്ക് പോയി. തന്റെ ഭക്ഷണം മേശയിൽ നിന്ന് എടുത്ത് തോമ കഴിച്ചു.

അന്നേരം റെനി കടന്നുവന്നു അവൻ തോമയെ പുതിയ വസ്ത്രങ്ങൾ ധരിപ്പിച്ചു. എവിടെ പോകുന്ന കാര്യമാണ് തോമയുടെ ചോദ്യത്തിന് മകൻ ഒരു ചിരി മറുപടിയായി കൊടുത്തു. റെനി തോമയെ തന്റെ വാഗനർ കാറിലേക്ക് ഇരുത്തി കുട്ടികൾമത്സരിച്ച് ഓടി വന്ന്കാറിൽ കയറി.അവരുടെ ആഹ്ലാദത്തിനിടയിലും തോമ അങ്കലാപ്പിലായിരുന്നു.അയാൾ അറിയാതെ കാർ നീങ്ങി കൊണ്ടിരുന്നു. ഇടയ്ക്ക് തോമ ഉറങ്ങിപ്പോയിരുന്നു.

അപ്പച്ചാ എഴുന്നോൽക്ക്, ദാ നോക്കിയേ റെനിയുടെ ശബ്ദം കേട്ട് തോമ ഉണർന്നു. അയാളെ കാറിൽ നിന്ന് അയാളുടെ ചക്ര കസേരയിലേക്ക് എപ്പോഴോ മാറ്റിയിരുന്നു. കണ്ണുകൾക്ക് അതിന്റെ കാഴ്ച പൂർണമായി കിട്ടിയപ്പോൾ അവയിലൂടെ കണ്ണുനീർത്തുള്ളികൾ ഒഴുകാൻ തുടങ്ങി. താൻ ഒരു കുന്നിന്റെ മുകളിലായിരുന്നു. തന്റെ മുന്നിൽ നഗരം പറന്നു കിടക്കുകയായിരുന്നു. വിശാലമായി ഒഴുകുന്ന പുഴ പോലും ഇപ്പോൾ അയാളുടെ കണ്ണുകളിൽ ചെറുതാണ്. തന്റെ ഉള്ളിൽ നിന്ന് എവിടെയോ നഷ്ടപ്പെടുന്ന തോന്നിയ സന്തോഷം തിരികെ വന്നിരിക്കുന്നു.

തോമ സന്തുഷ്ടവാനാണ്. അയാളോടൊപ്പം അയാൾക്ക് പ്രിയപ്പെട്ടവരുമാണ്. അയാളുടെ കണ്ണുകളിൽ അയാളുടെ ഇഷ്ടദൃശ്യവും ഉണ്ട്. ജീവിതത്തിലെ എല്ലാ സുഖങ്ങളും നഷ്ടപ്പെട്ട് എന്ന് തോന്നിയ തോമ ഇപ്പോൾ ആഗ്രഹിക്കുന്നു. ഈ യാത്ര അവസാനിക്കാതിരിക്കട്ടെ.



ശ്രീവേദ് 9 എ


കലോത്സവം
ബി.ഇ.എം ഹയർ സെക്കണ്ടറി സ്കൂൾ
വടകര
സ്കൂൾ
കലോത്സവം
VIBE 2K 23
ഒക്ടോബർ 19,20

# പുതുമഴയിൽ നനഞ്ഞവൻ

**കവിത**

പുതുമഴയേ പുതുമഴയേ നീ പെയ്യു പുതുമഴയേ
പുതുമഴയായ് ചേർന്നൊരെൻ പ്രണയമാണു നീ.
പുതുമഴയിൽ പൂവിട്ട മണ്ണിൻ മണമാണ് നീ.
പുതുമഴയിൽ ഞാൻ നനയവേ എൻ തൻ കുളിരാണ് നീ
കുളിരിൽ ഞാൻ നിൽക്കവേയെൻ
മനസ്സിലെ ഒരിളം കാറ്റാണ് നീ.
ആകാശത്തെമ്മാനം കാർമേഘങ്ങൾ നിറയുമ്പോൾ
നിന്റെ ചലനമാണതോ?
എന്റെ മനസ്സിലെ നെടുംള്ളണായി നീ
മാറുന്നു മഴയേ മഴയേ
പുതുമഴയായി ചേർന്നൊരെൻ പ്രണയമാണ്
നീ ആ ആ
ആ മഴയിൽ പൂവിട്ട മുല്ലമൊട്ടെന്ന്
ഞാൻ ചൊല്ലവേ നിൻ മിഴികൾ
മുല്ലമൊട്ടെന്ന് തോന്നി
പുതുമഴയെ പുതുമഴയെ നീ പെയ്യൂ
ഈ കുളിരൻ മഴയിൽ ഞാൻ അലിയുന്നു
മഞ്ഞുപെയ്യും മന്ദഹാസം പോലെ
പുതുമഴയിൽ എൻ മനസ്സിനൊരു മന്ദസ്മിതമായി മാറി
ആ മന്ദസ്മിതത്തിലും നീയാണെൻ മലർ
പുതുമഴയേ പുതുമഴയേ നീ പെയ്യും
എൻ മനസ്സിലെ കുളിരായി മാറി നീ
പുതുമഴയായി ചേർന്നൊരൻ പ്രണയമാണ് നീ



ശ്രീദേവ് 7എ

# സമ്മാനം

**കഥ**

നല്ല തണുപ്പുള്ള ഡിസംബർ മാസം. വൈകുന്നേരം. ആകാശത്തു നല്ല മഴക്കാർ ഉണ്ട്. അതു കൊണ്ട് സന്ധ്യക്ക് മുൻപേ ഇരുട്ട് പരന്നു തുടങ്ങിയിരുന്നു. നനവുള്ള ഒരു കാറ്റ് വീശുന്നുണ്ട്. ഏതു നിമിഷവും നല്ല മഴ പെയ്യാൻ സാധ്യത ഉണ്ടെന്നു അറിയാവുന്നതുകൊണ്ട് അയാൾ അൽപം വേഗത്തിൽ നടന്നു. പക്ഷെ മഴക്ക് അയാളേക്കാൾ വേഗത ഉണ്ടായിരുന്നു. കയ്യിൽ കുടയില്ല. അയാൾ മഴയത്തു നനഞ്ഞു. അയാളുടെ കട്ടിയുള്ള താടിയും മീശയും വസ്ത്രവും ബാഗും എല്ലാം നനഞ്ഞു. പലർക്കും ആയി കൊടുക്കാൻ ഉള്ള പലതും ആ ബാഗിൽ ഉണ്ടെന്നും പലരും അതിനായി കാത്തിരിക്കുന്നുണ്ടെന്നും അയാൾക്കറിയാം. അവയൊന്നും നനയരുത്. മുൻപിൽ ഒരു ബസ്സ്റ്റോപ്പ് ഉണ്ട്. അയാൾ വേഗം തന്നെ നടന്നു ബസ്സ്റ്റോപ്പിൽ കയറി. ആകെ ഒന്നു കുടഞ്ഞു. എന്തൊക്കെയോ കിലുങ്ങുന്ന ശബ്ദം. ശബ്ദം കേട്ട് ആ ബസ്സ്റ്റോപ്പിൽ നിന്ന ഒരു പത്ത് വയസുള്ള ആൺകുട്ടി അയാളെ നോക്കി. അവർ രണ്ടുപേരും മാത്രമേ അപ്പോൾ ആ ബസ്സ്റ്റോപ്പിൽ ഉണ്ടായിരുന്നുള്ളൂ. തലമുടിയിലെ വെള്ളം കൈകൊണ്ടു തുടച്ച ശേഷം അയാൾ ആ കുട്ടിയോട് ചോദിച്ചു.

"സമയം എത്രയായി ?"

ആ കുട്ടി ഒന്നും പറഞ്ഞില്ല.

"ഹലോ, സമയം എത്രയായി ?"

കുട്ടി തന്റെ കയ്യിൽ കെട്ടിയ വാച്ച് അയാൾക്ക് കാണിച്ചു കൊടുത്തു. ആ വാച്ചിലെ സമയത്തേക്കാൾ അയാൾ ശ്രദ്ധിച്ചത് ആ കുട്ടിയുടെ സങ്കടം നിറഞ്ഞ മുഖം ആയിരുന്നു. കുട്ടികളെ എന്നും അയാൾക്ക് വലിയ കാര്യമായിരുന്നു.


"എന്തു പറ്റി?" അയാൾ ചോദിച്ചു.

അവൻ ഒന്നും പറഞ്ഞില്ല.

കേൾക്കാഞ്ഞിട്ടല്ല.

ഈ മഴ തീരുന്ന ലക്ഷണം ഇല്ല. മഴ തീരാതെ തനിക്കു പോകാനും പറ്റില്ല. ഈ ബസ്സ്റ്റോപ്പിൽ തനിക്കു വേറെ പണിയൊന്നും ഇല്ല. അയാൾ ആ കുട്ടിയുടെ അടുത്തേക്ക് നിന്നു. തന്റെ ബെൽറ്റിനോളം ഉയരമേ അവനുള്ളൂ. അയാൾ അവന്റെ അടുത്തു കുനിഞ്ഞു നിന്നു. അവൻ മുഖം താഴ്ത്തി നിൽക്കയാണ്.

"എന്തിനാ ഇവിടെ നിൽക്കുന്നത്? സമയം വൈകിയില്ലേ? സ്കൂൾ വിട്ടിട്ടു എത്ര നേരമായി? വീട്ടിൽ പോകണ്ടേ?"



അയാൾ അൽപം കൊഞ്ചുന്ന ഭാഷയിൽ ചോദിച്ചു. അവൻ ഒന്നും പറഞ്ഞില്ല.

"ആരെങ്കിലും കൂട്ടി കൊണ്ടുപോകാൻ

വരുന്നുണ്ടോ?"

അവൻ ഇല്ല എന്നു തലയാട്ടി. "കുടയില്ലേ?" അയാൾ ചോദിച്ചു. അവൻ തന്റെ കയ്യിൽ ഉള്ള മഴവില്ലിന്റെ നിറമുള്ള കുട കാണിച്ചു കൊടുത്തു.

"പിന്നെന്താ? വീട്ടിൽ പോയാൽ അച്ഛനോ അമ്മയോ അടിക്കുമോ?"

അവൻ വീണ്ടും ഇല്ല എന്നു തലയാട്ടി. അയാൾ അവന്റെ മുഖം ഉയർത്തി ശരിക്കും ഒന്നും നോക്കി, മനസ് വായിച്ചു.

"വിഷമം ഉണ്ട്. പേടിയും ഉണ്ട്. എന്തോ പറയണം എന്നുണ്ട്. പക്ഷെ ധൈര്യം ഇല്ല. എന്നാലും വിഷമം തന്നെയാണ് കൂടുതൽ." അയാൾ ചിരിച്ചു കൊണ്ട് പറഞ്ഞു.

അവൻ അയാളെ നോക്കി. അവൻ അയാളുടെ കൈ തട്ടിമാറ്റി. വീണ്ടും തല താഴ്ത്തി നിന്നു.

"മോന്റെ പ്രശ്നം എന്താണെന്ന് പറ. എനിക്ക് സോൾവ് ചെയ്യാൻ പറ്റുന്നതാണെങ്കിൽ ഞാൻ സഹായിക്കാം. എന്നെ ഒരു ഫ്രണ്ട് ആയി കണ്ടാൽ മതി." പറ്റാവുന്ന അത്ര സൗമ്യമായി അയാൾ പറഞ്ഞു. അതു കേട്ടപ്പോൾ അവൻ അയാളുടെ മുഖത്തേക്കു നോക്കി. പക്ഷെ ഒന്നും പറഞ്ഞില്ല.

"എന്തായാലും പറഞ്ഞോ." അയാൾ ചിരിച്ചു കൊണ്ട് പറഞ്ഞു.

"ക്രിസ്മസ് ഫ്രണ്ട്... എല്ലാവരും ഗിഫ്റ്റ് കൊടുക്കും..." അവസാനം അവൻ പറഞ്ഞു.

"അത് നല്ലതല്ലേ! മോനും ഗിഫ്റ്റ് കൊടുക്കണം. നിനക്കും ഗിഫ്റ്റ് കിട്ടൂലെ?"

"എനിക്ക് ഫ്രണ്ടില്ല." അവൻ വിഷമത്തോടെ പറഞ്ഞു.

"അതെന്താ?!"

"എന്നെ ആർക്കും ഇഷ്ടമല്ല. ഞാൻ ചീത്തയാ..."

"ഏയ്, നീ ചീത്ത കുട്ടിയൊന്നും അല്ല. അത് നിന്നെ കണ്ടാലേ അറിയാം."

പിന്നെയും അവൻ വിഷമിച്ചു നിൽക്കുന്നത് കണ്ടപ്പോൾ അയാൾ ചോദിച്ചു.

"ഇന്ന് സ്കൂളിൽ എന്തോ സംഭവിച്ചല്ലോ? ടീച്ചർ അടിച്ചോ?"

അവൻ അതേ എന്നു തലയാട്ടി.

"എന്തിന്?"

"ബഹളം ഉണ്ടാക്കിയതിന്..."

"അതാണോ പ്രശ്നം? അത് സാരമില്ല. കുട്ടികൾ ആയാൽ കുറച്ചു ബഹളം ഉണ്ടാകും, കുറച്ചു തല്ലൊക്കെ കിട്ടും. അത്..."

"ഞാൻ ബഹളം ഒന്നും ഉണ്ടാക്കിയില്ല." അവൻ ചാടിക്കയറി പറഞ്ഞു.

"ഓ.. അങ്ങനെയാണോ? വേറെ ആരൊക്കെയോ ബഹളം ഉണ്ടാക്കിയതിനാണോ ടീച്ചർ നിന്നെ അടിച്ചത്? അതാണോ നിന്റെ വിഷമം?"

അവൻ അല്ല എന്ന് തലയാട്ടി.

"പിന്നെ?"

അവൻ മറുപടി പറഞ്ഞില്ല.

"വേറെ എന്തോ സംഭവിച്ചല്ലോ? എന്താ അത്?" അയാൾ സംശയത്തോടെ ചോദിച്ചു.

ടീച്ചറോട് അവന് നല്ല ദേഷ്യം ഉണ്ടായിരുന്നു. ദേഷ്യം തലയ്ക്കു പിടിച്ചു കഴിഞ്ഞാൽ പിന്നീട് ചെയ്യുന്നതിൽ ഉള്ള തെറ്റും ശരിയും മനസിലാകില്ല. ടീച്ചറോടുള്ള ദേഷ്യത്തിൽ അവൻ ടീച്ചറുടെ മഷിപ്പേന ടീച്ചർ അറിയാതെ

മോഷ്ടിച്ച.
അതിനു ശേഷം ടീച്ചർ ആ പെന്നിനു വേണ്ടി തിരയുന്നത് അവൻ കണ്ടിരുന്നു. തന്റെ പെൻ ആരാണ് എടുത്തതെന്ന് ടീച്ചർ ക്ലാസ്സുകളിൽ ചോദിച്ചു വരുന്നത് അവൻ ആലോചിച്ചു. പക്ഷെ ടീച്ചർ വന്നില്ല. പകരം ടീച്ചർ കരയുന്നതാണ് അവൻ കണ്ടത്. ടീച്ചറുടെ അച്ഛൻ മരിക്കുന്നതിന് കുറച്ചു മുൻപ് ടീച്ചർക്ക് കൊടുത്ത അവസാനത്തെ സമ്മാനം ആയിരുന്നു ആ പേന. അതിന്റെ വില അവന് അപ്പോൾ അറിയില്ലായിരുന്നു. ടീച്ചർ കരയുന്നത് കണ്ടപ്പോൾ അവനും കരച്ചിൽ വന്നു.
കുട്ടികൾ അങ്ങനെയാണ്. അച്ഛനോടോ അമ്മയോടോ ടീച്ചറോടൊ അവർക്ക് എത്ര തന്നെ ദേഷ്യം ഉണ്ടെങ്കിലും അവർ ആരും തന്നെ കരയുന്നത് കുട്ടികൾക്ക് സഹിക്കില്ല. അവനും വിഷമം സഹിച്ചില്ല. അവന്റെ വിഷമം പറയാൻ അവന് കൂട്ടുകാർ ആരും തന്നെ ഇല്ല.

"ഓഹോ, അങ്ങനെയാണോ. സാരമില്ല. നാളെ ടീച്ചർക്ക് ആ പെൻ തിരിച്ചു കൊടുക്ക്. ദേഷ്യം പിടിച്ചപ്പോൾ ചെയ്തുപോയതാണെന്നും അബദ്ധം പറ്റിയതാണെന്നും പറഞ്ഞു മാപ്പ് ചോദിക്കു. ടീച്ചർ ക്ഷമിച്ചോളും." അയാൾ പറഞ്ഞു.
"എനിക്ക് ടീച്ചറോട് പറയാൻ പേടിയാ." അവൻ പറഞ്ഞു.
"എന്നാൽ ഒരു പേപ്പറിൽ എഴുതിക്കൊടുക്കു."
അവൻ വിഷമത്തോടെ അയാളെ നോക്കി. എന്നിട്ട് തന്റെ പോക്കറ്റിൽ നിന്നും ടീച്ചറുടെ പേന എടുത്തു. അത് മൂന്നു കഷ്ണമായിപ്പോയിരുന്നു. അതു കണ്ട് അയാൾ താടിക്ക് കൈ കൊടുത്തു. അയാൾ അവനെ നോക്കി. കുറച്ചു നേരം ആലോചിച്ചു. "ആ ടീച്ചറിന്റെ വീട് എവിടെയാണെന്ന് അറിയാമോ?" അയാൾ ചോദിച്ചു. അറിയാം എന്ന് അവൻ തലയാട്ടി. അയാൾ അവന്റെ ബാഗിൽ നിന്നും ഒരു പെന്നും പേപ്പറും എടുത്ത് അതിൽ ടീച്ചറോട് അവന് പറയാൻ ഉള്ളതെല്ലാം എഴുതാൻ പറഞ്ഞു. അവൻ എഴുതി. പൊട്ടിപ്പോയ ആ പേന അയാൾ ആ കടലാസിൽ പൊതിഞ്ഞു. അതിനു ശേഷം അവന്റെ റെയിൻബോ കുട എടുത്തു ടീച്ചറുടെ വീട്ടിലേക്കു നടക്കാൻ പറഞ്ഞു.
അവനും അയാളും ടീച്ചറുടെ വീട്ടിലേക്കു നടന്നു. ടീച്ചറുടെ വീടിന്റെ മുൻപിൽ എത്തിയപ്പോൾ അവന് പേടിയായി. "ചെല്ല്. ആ എഴുത്ത് കൊടുക്ക്." അവൻ പേടിച്ചു കൊണ്ട് ഇല്ല എന്ന് തലയാട്ടി.



"പേടിക്കണ്ട. ടീച്ചർ ഒന്നും ചെയ്യില്ല. ചെല്ല്." അയാൾ അവന് ധൈര്യം കൊടുക്കാൻ ശ്രമിച്ചു. നടന്നില്ല.
"ശരി. എന്നാൽ ഒരു കാര്യം ചെയ്യൂ . ഈ എഴുത്ത് ആ വാതിലിന്റെ അടിയിലൂടെ അകത്തേക്ക് ഇടൂ."
പേടിച്ചിട്ടാണെങ്കിലും അവൻ അതു ചെയ്തു. ടീച്ചർ പെട്ടെന്ന് വന്നു വാതിൽ തുറന്നാലോ എന്ന് പേടിച്ചു അവൻ അയാളെയും കൂട്ടി അവിടെ നിന്നും ഓടി.

അവർ വീണ്ടും നടന്നു. അവർ അവന്റെ വീടിന്റെ മുൻപിൽ എത്തി. ആ എഴുത്ത് ടീച്ചർ കാണുമോ? വായിക്കുമോ? വായിച്ചാൽ ടീച്ചർ എന്താ പറയുക? സംശയങ്ങളും പേടിയും ഒരുപാട് ഉണ്ടായിരുന്നു അവന്റെ മനസ്സിൽ.

"ഈ കുട എനിക്ക് തരാമോ?" അയാൾ ചിരിച്ചു കൊണ്ട് അവനോടു ചോദിച്ചു. "നിന്റെ വീട് എത്തിയില്ലേ? എനിക്ക് ഇനിയും ഒരുപാട് ദൂരം പോകാനുണ്ട്. മഴ ഇപ്പോഴൊന്നും നിൽക്കും എന്ന് തോന്നുന്നില്ല. ഈ കുട എനിക്ക് തരാമോ?"

പറ്റില്ല എന്നു പറയാൻ അവന് തോന്നിയില്ല. അവൻ ആ കുട അയാൾക്ക് കൊടുത്തു. അയാൾ നന്ദി പറഞ്ഞു നടന്നു പോയി. അവൻ വീട്ടിലേക്കു ഓടിക്കയറി.

അടുത്ത ദിവസം അവൻ സ്കൂളിലേക്ക് പോയത് പേടിച്ചുകൊണ്ടായിരുന്നു. അവൻ ക്ലാസ്സിൽ കയറിയിരുന്നു. ക്ലാസ്സിൽ അവൻ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികളും തങ്ങളുടെ സുഹൃത്തുക്കൾക്ക് സമ്മാനങ്ങൾ കൈമാറുന്നത് അവൻ നോക്കി നിന്നു. അവന് ഒരു സമ്മാനവും കിട്ടിയില്ല. അവന് ആർക്കും ഒന്നും കൊടുക്കാനും ഇല്ലായിരുന്നു. കുറച്ചു കഴിഞ്ഞു ടീച്ചർ ക്ലാസ്സിലേക്ക് വന്നു. ക്ലാസ്സ് നിശബ്ദമായി. അവൻ പേടിച്ചപോലെ ടീച്ചർ അവനെ വിളിച്ചു. പേടിച്ചു വിറച്ചു അവൻ ടീച്ചറുടെ അടുത്തേക്ക് നടന്നു. ടീച്ചർ അവനെ തന്നെ നോക്കി നിന്നു. അവൻ മുഖം താഴ്ത്തി നിന്നു.

"എന്താ, നിനക്ക് സമ്മാനം ഒന്നും കിട്ടിയില്ലേ?" ടീച്ചർ ചോദിച്ചു. അവൻ ഇല്ല എന്ന അർത്ഥത്തിൽ തലയാട്ടി.

"അതെന്താ?" അവർ ചോദിച്ചു. അവൻ മറുപടി ഒന്നും പറഞ്ഞില്ല.

"നീയാണല്ലേ ഇന്നലെ എന്റെ പേന എടുത്തത്?" ഒടുവിൽ അവർ ആ ചോദ്യം ചോദിച്ചു. അവൻ വിറയ്ക്കാൻ തുടങ്ങി.

"കൈ നീട്ടൂ." ടീച്ചർ പറഞ്ഞു. അവൻ പേടിച്ചു കൈ നീട്ടി. അടി പ്രതീക്ഷിച്ച കൈകളിൽ ടീച്ചർ വെച്ചത് ഒരു സമ്മാനപ്പൊതിയായിരുന്നു. അവൻ അതിശയത്തോടെ കയ്യിലും ടീച്ചറുടെ മുഖത്തും നോക്കി. ടീച്ചർ ചിരിച്ചുകൊണ്ട് പറഞ്ഞു.

"തെറ്റ് ആർക്കും പറ്റാം. പക്ഷെ അതു മനസിലാക്കി തെറ്റ് ഏറ്റു പറയാനുള്ള വലിയ മനസ്സ് കുറച്ചു പേർക്കേ ഉള്ളൂ. നിന്നെക്കാൾ നന്നായി പഠിക്കുന്ന വിദ്യാർഥികൾ ഇവിടെ ഉണ്ട്. പക്ഷെ എന്റെ ഏറ്റവും നല്ല വിദ്യാർത്ഥി നീയാണ്. ഇത് നിനക്കുള്ള ക്രിസ്ത്മസ് സമ്മാനമാണ്. തുറന്നുനോക്കൂ." സമ്മാനപ്പൊതി



തുറന്നു നോക്കിയപ്പോൾ അവന് വിശ്വസിക്കാൻ പറ്റിയില്ല. ശരിക്കും ഞെട്ടിപ്പോയി. താൻ മോഷ്ടിച്ച, മൂന്നു കഷ്ണങ്ങൾ ആക്കിയ ടീച്ചറുടെ പേന പഴയ രൂപത്തിൽ.

ടീച്ചർ പറഞ്ഞു "ഈ പേന എന്റെ മുത്തശ്ശൻ എന്റെ അച്ഛന് കൊടുത്തതാണ്. എന്റെ അച്ഛൻ ഇത് എനിക്ക് തന്നു."
ടീച്ചർ ആ പേന എടുത്തു അവന്റെ പോക്കറ്റിൽ ക്ലിപ്പ് ചെയ്തു. അവന് കരച്ചിൽ നിയന്ത്രിക്കാൻ പറ്റിയില്ല. അവൻ ടീച്ചറെ കെട്ടി പിടിച്ചു കരഞ്ഞു. ടീച്ചർ അവനെയും കെട്ടിപ്പിടിച്ചു. ആ ക്ലാസ്സ് മുഴുവനും അവന് വേണ്ടി കൈയ്യടിച്ചു. ടീച്ചർക്ക് മക്കൾ ഉണ്ടായിരുന്നെങ്കിലും അവന് അമ്മയില്ലായിരുന്നു.

അന്ന് രാത്രി നല്ല നിലാവുണ്ടായിരുന്നു. എന്തൊക്കെയോ കിലുങ്ങുന്ന ശബ്ദം കേട്ട അവൻ ഉറക്കത്തിൽ നിന്നു എഴുന്നേറ്റു. ജനലിലൂടെ പുറത്തേക്കു നോക്കിയപ്പോൾ, മഞ്ഞിൽ ഓടിക്കുന്ന ചക്രമില്ലാത്ത ഒരു വണ്ടി വലിച്ചുകൊണ്ട് എട്ടുമാനുകൾ ആകാശത്തിലേക്ക് പറക്കുന്നു. ആ വണ്ടിയിൽ ഇരുന്ന താടിക്കാരന്റെ കൈയിൽ മഴവില്ലിന്റെ നിറമുള്ള ഒരു കുട.

(അധ്യാപക ദിനം കഥാരചനയിൽ രണ്ടാം സമ്മാനത്തിന് അർഹമായ കഥ)




അധ്യാപകൻ

# ബാല്യം

ഫസീല റഷീദ്
M/O മുഹമ്മദ് നജാദ്
9എ



**കവിത**

തിരികെ വരില്ലെന്നറിഞ്ഞിട്ടും
കാത്തിരിപ്പാണെന്നും
ഒരു ദിവസം അല്ലെങ്കിൽ ഒരു നിമിഷമെങ്കിലും
നീ വന്നെങ്കിൽ,
കാലം കോറിയിട്ടു തന്ന കറുത്ത കോളങ്ങളെ
വർണാഭമാക്കാമായിരുന്നു
ഭയമേതുമില്ലാതെ ബന്ധനങ്ങളെയോർക്കാതെ
ചിന്ത കണക്കെ പാറിപറക്കാമായിരുന്നു





ദർശൻ ദേവ്
7ബി



# പുതുമഴ

കവിത

മാനത്തെ തുള്ളികൾ വന്നു വന്നു
പെയ്തിറങ്ങി വന്നു തുള്ളിത്തുള്ളിയായി വന്നു
പേക്രോം പോക്രോം ശബ്ദം മുഴങ്ങി
മീനുകളെല്ലാം തുള്ളിത്തുടങ്ങി
മാനത്തുനിന്ന് ശബ്ദം മുഴങ്ങി
ഡിം ഡിം ഡിം
എന്റെ സ്വന്തം മഴത്തുള്ളികൾ
മിന്നൽ വെളിച്ചത്തിൽ തുള്ളികൾ വന്നു
എന്റെ സ്വന്തം മഴത്തുള്ളികൾ
മിന്നലായി ഇടിയായി കോരിച്ചൊരിയുന്ന മഴ വന്നു
ഇടിയും മിന്നലും പോയി തുടങ്ങി
കുട്ടികളെല്ലാം പുറത്തിറങ്ങി
ഒന്നിച്ചു പാടി പുതുമഴ പുതുമഴ
നീല മഴയെ സ്വന്തം മഴയെ
ആളുകൾ എല്ലാം കുട ചൂടുന്നു
കുട്ടികൾ മഴയത്ത് കളിക്കുന്നു
കുട്ടികൾ മഴയത്ത് രസിക്കുന്നു




# ഭിന്നശേഷി ദിനാചരണം



# मेरा वह सपना

कहानी

मेरा नाम राज है। मैं 10 साल का हूँ। मेरा बड़ा सपना है कि जब मैं बडा होगा मैं बहुत बड़ा फुटबॉलर बनेगा। पर मेरे मा और पिता मेरे यह सपने से मुझे हमेशा दूर रखने की कोशिश करती थी ।वह चाहता था कि मैं बड़ा होकर डॉक्टर बने ।वह हमेशा मेरा पढ़ाई पर उम्मीद रखता था पर मैं उल्टा निकला मैं पढ़ाई पर बहुत कमजोर था। मां-बाप कहताकीतुम्हें खेलना बंद करना चाहिए और पढ़ाई पर और ध्यान देना चाहिए। पर मैं घर से झूठ बोलकर अपने दोस्तों के साथ फुटबॉल खेलने के लिए निकलता था। सभी कहता था कि मैं अच्छे से खेलता हूंपर यह सब एक दिन से बदल गया। एक दिन जब मैं फुटबॉल खेलने के लिए निकल आनाखेल के बीच में शोर की बारिश पड़ी पर हम खेल नहीं रोकी। आसमान देखकर यहलगता था की बारिश बहुत देर तक जारी रहेगी ।पर बारिश में खेलना और भी मजा आ रहा था जब मैं खेल के बीच दौड़ रहा था मेरे पैर अचानक फिसल गया और मैं गिर पड़ा मेरेदाहिने पैर पर जोर की दर्द महसूस हो रही थी। दर्द के कारण मेरा मन चिल्ला उठा। मैं अपन आंख बंद रखा। मेरा मन में एक ही सवाल था अब मैं



फुटबॉल कैसे खेलूंगा थोड़ी देर बाद मेरा माँ-बाप आकर मुझे अस्पताल ले गया डॉक्टर ने कहा कि अब राज को फुटबॉल नहीं खेल सकता। अब मेरे आंख से आंसू बहने लगा। उसे पूरा यकीन ताकि उसे अपने मां-बापघर से बाहर नहीं जाने देगा। बीस साल बीती चुका राज आप एक डॉक्टर बन चुका था। आज उसका परिवार भी था। एक रात उसका बेटा टीवी पर एक फुटबॉल मैच देख रहा था। तभी राज वहां जाकर उसके बेटे के पास बैठ गया। तब उसका बेटा राजू राज से एक सवाल पूछा बचपन में फिदा के सपना क्या था ?पर राज जवाब नहीं दिया राज के आंखों से आंसू बह रही थी।



मुहम्मद नजात
9 ए

# മഴത്തുള്ളികൾ

കവിത

പുതിയ മഴ വന്നു
കൂടെ മഴത്തുള്ളിയും വന്നു
കുട്ടികൾ രസിക്കുന്നു കൂടെ ചെടികളും.
മഴ വന്നേ മഴ വന്നൂ മഴ വന്നൂ.
ആ ദിവസം
മണ്ണുകൾ നനഞ്ഞു, പ്രകൃതി നനഞ്ഞു
കൂടെ ഭൂമിയും.......



ഡിയോൺ എസ് പോൾ
7 എ

# പരിസ്ഥിതി ദിനാചരണം





# യാത്രക്കാരുടെ ശ്രദ്ധയ്ക്ക്

**കഥ**

ശ്രീദേവ് 7 ബി



വണ്ട് പണ്ടൊരു ഗ്രാമം ഉണ്ടായിരുന്നു. പക്ഷേ ആ ഗ്രാമത്തിലേക്ക് കടക്കണമെങ്കിൽ ഒരു മന കഴിയണം. പക്ഷേ രാത്രിയായാൽ ആ വഴി ആരും ഗ്രാമത്തിലേക്ക് വരുകയുമില്ല പോവുക യുമില്ല. പോയവർ ആരും തിരിച്ചു വന്നിട്ടില്ല. നാട്ടുകാർ പറയുന്നത് ഈ മന ഇവിടത്തെ നാട്ടുരാജാവിന്റെതായി രുന്നു എന്നും ഒരിക്കൽ ഈ മനയിൽ ആരോ കടന്നുചെന്നുവെന്നും രാജാവിനെ കൊന്നുകളഞ്ഞു എന്നും പറയുന്നു. പിന്നീട് മലയിലെ എല്ലാവരും ഈ ഗ്രാമം വിട്ട് പോയെന്നാണ് പറഞ്ഞത്. പക്ഷേ കുറച്ചുകാലം മുമ്പ് ഇവിടെ ഈ വഴി വരുന്നത് കൊണ്ട് പ്രശ്നമില്ലായിരുന്നു. പിന്നീടാണ് ആൾക്കാരെ കാണാതാവുകയും വണ്ടികൾ തെറിച്ചു കിടക്കുന്നതും കണ്ടത്. അതുകൊണ്ടുതന്നെ നാട്ടുകാർ അവിടെ ഒരു ബോർഡും വെച്ചു "യാത്രക്കാരുടെ ശ്രദ്ധയ്ക്ക്". ഇതെല്ലാം കണ്ട് വളർന്ന എനിക്ക് അവിടെ ശരിക്കും എന്ത് സംഭവിക്കുന്നു എന്നറിയാൻ വളരെ ആകാംക്ഷയായിരുന്നു. അങ്ങനെയിരിക്കെ എനിക്കൊരു അവസരം ഒത്തു കിട്ടി. നാട്ടിലെ പ്രധാന ക്ഷേത്രത്തിൽ ഉത്സവമായതിനാൽ എല്ലാവരും അങ്ങോട്ടേക്ക് പോയി. ഞാനും എൻറെ കുറച്ചു കൂട്ടുകാരും മനയിലേക്ക് പോകാൻ ഒരുങ്ങി തിരിച്ചു വരും എന്ന് ഒരുറപ്പുമില്ല. അങ്ങനെ ഞങ്ങൾ എല്ലാവരും അവിടുത്തേക്ക് യാത്ര തിരിച്ചു. കുറച്ച് ആയുധങ്ങൾ ഞങ്ങളുടെ കയ്യിലുണ്ട് എന്നിരുന്നാലും കുറച്ച് ഏർപ്പാടുകൾ ഞങ്ങൾ

ചെയ്തിരുന്നു അങ്ങനെ മന എത്തി. പുറത്തുനിന്ന് നോക്കിയാൽ നല്ല സുന്ദരമായ മന പക്ഷേ അതിനകത്ത് മുഴുവൻ മാറാലയും പൊടികളും നിറഞ്ഞതാണ്. പക്ഷേ നടന്നുനടന്ന് നീങ്ങിയപ്പോൾ ആ മുറികൾ കുറച്ചുകൂടി വൃത്തിയുള്ളതായി തോന്നി. ആരൊക്കെയോ ഉപയോഗിക്കുന്നത് പോലെ. അങ്ങനെ ഉള്ളിലെ ഭയം അടക്കിപ്പിടിച്ച് ഞങ്ങൾ ആദ്യത്തെ മുറിയുടെ വാതിൽ തുറന്നു!. ഞങ്ങൾ ഞെട്ടിപ്പോയി ചോരപുരണ്ട കത്തികൾ, വാളുകൾ, തോക്കുകൾ...... എന്നിങ്ങനെ പലപല സാധനങ്ങൾ. അടുത്തുള്ള മുറി ഞങ്ങൾ തുറന്നു . അപ്പോൾ ഞങ്ങളുടെ കണ്ണ് മഞ്ഞളിച്ചു പോയി!. നിരവധി സ്വർണാഭരണങ്ങൾ, രത്നങ്ങൾ എന്നിങ്ങനെ വിലപിടിപ്പുള്ള പലപല സാധനങ്ങൾ .പെട്ടെന്ന് ഞങ്ങളുടെ പിറകിൽ ആരോ വന്ന് നിൽക്കുന്നത് പോലെ തോന്നി. ഞങ്ങൾ തിരിഞ്ഞു നോക്കി. അതാ നിൽക്കുന്ന ഒരുകൂട്ടം കള്ളന്മാർ പെട്ടെന്ന് തന്നെ ഞങ്ങൾ വിസിൽ അടിച്ചു. പുറത്തുനിന്ന് പോലീസുകാർ അകത്തേക്ക് വന്ന്. എന്നിട്ട് കള്ളന്മാരെ പിടിച്ചു. പോലീസുകാർ അവരോട് എന്തിനാണ് ഇങ്ങനെ ചെയ്യുത് എന്ന് ചോദിച്ചു. ഈ മനയെക്കുറിച്ച് അവർക്ക് നേരത്തെ അറിയാം എന്ന്, ഇവിടെ ഞങ്ങൾ കൊള്ളയടിച്ച് എല്ലാ വസ്തുക്കളെ സൂക്ഷിക്കാൻ പറ്റുമെന്ന് ഞങ്ങൾ വിചാരിച്ചു. ഇത് കേട്ട് എല്ലാവരും ഞെട്ടിപ്പോയി സത്യം പറഞ്ഞ നാട്ടുകാർ ഇവരെ പിടിച്ച ഞങ്ങളെ അനുമോദിച്ചു. ഒരു നാടിനു മൊത്തം ഞങ്ങൾ രക്ഷിച്ചു...............

# എന്റെ അരങ്ങേറ്റം

## അനുഭവക്കുറിപ്പ്

മനസ്സ് നന്നാവട്ടെ,

എന്റെ പേര് രാഹുൽ ജി. കൃഷ്ണ. ഞാൻ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ മുക്കാളി കൊളരാട് തെരു എന്ന സ്ഥലത്താണ് താമസിക്കുന്നത്. ഞാൻ ഇപ്പോൾ വടകര ബിഇഎം ഹയർസെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർഥിയാണ്. എന്റെ വീട്ടിൽ അച്ഛനും അമ്മയും അനുജത്തിയുമാണ് ഉള്ളത്. നിശാന്ത് ഘോഷ് - ശ്രീബ ദമ്പതികളുടെ മകനാണ് ഞാൻ. പാർവതി കെ ഘോഷ് എന്ന എന്റെ അനുജത്തി ആറാം ക്ലാസ് വിദ്യാർഥിനിയാണ്. ഞാൻ ഒന്നാം ക്ലാസ് മുതൽ പത്തു വരെ പഠിച്ചത് മാഹി കേന്ദ്രീയ വിദ്യാലയത്തിലാണ്. പ്ലസ് വണ്ണിന് ആദ്യം എനിക്ക് സീറ്റ് കിട്ടിയത് ചോറോട് ഹയർസെക്കൻഡറി സ്കൂളിലായിരുന്നു. പിന്നീട് സ്കൂൾ ട്രാൻസ്ഫറിനെ തുടർന്നാണ് ഇവിടെ എത്തിയത്. ഫുട്ബോൾ, ബോഡി ബിൽഡിംഗ്, ചെണ്ടമേളം. നീന്തൽ, എന്നിവയിൽ താത്പര്യമുള്ളയാളാണ് ഞാൻ.

എന്റെ വീട് കൊളരാട് ഗണപതി ക്ഷേത്രത്തിനടുത്താണ്. ചെറുപ്പം മുതലേ ക്ഷേത്രത്തിൽ നടക്കുന്ന ചെണ്ടമേളം എന്നെ ആകർഷിച്ചിരുന്നു. ചെണ്ടമേളം കേൾക്കാനായി അച്ഛനൊപ്പം ചെറുപ്പം മുതലേ ഞാൻ പോകാറുണ്ടായിരുന്നു. ക്ഷേത്രത്തിനു മുന്നിലെ ആൽത്തറയിൽ അച്ഛന്റെ കൂട്ടുകാർക്കൊപ്പമിരുന്നാണ് ഞാൻ ചെണ്ടമേളം കാണുകയും ആസ്വദിക്കുകയും ചെയതിരുന്നത്. ചെണ്ട പഠിക്കണമെന്ന ആഗ്രഹം ഞാൻ നാലാം ക്ലാസിൽ പഠിക്കുമ്പോൾ വീട്ടിൽ പറഞ്ഞിരുന്നു. എന്നാൽ ചെണ്ട പരിശീലിപ്പിക്കുന്ന ഗുരുക്കൻമാർ അവിടെ ഉണ്ടായിരുന്നില്ല. മൂന്നു വർഷത്തിന് ശേഷം ക്ഷേത്ര കമ്മിറ്റിക്കാർ ചെണ്ട പഠിപ്പിക്കാനായി വടകരയിൽ നിന്നും ഒരു ഗുരുവിനെ കണ്ടെത്തി ക്ലാസ്

നടത്താൻ തീരുമാനിച്ചു.

ഇതേ തുടർന്ന് ഏഴാം ക്ലാസുകാരനായ ഞാനും വാദ്യ പഠനത്തിന് ചേർന്നു. ഞാൻ ഉൾപ്പെടെ ഇരുപത്തിനാല് പേരാണ് വാദ്യ ക്ലാസിലുണ്ടായിരുന്നത്. എന്നെക്കാളും ചെറിയ കുട്ടികൾക്കൊപ്പം എന്റെ അച്ഛന്റെ പ്രായമുള്ളവരും എന്റെ ക്ലാസ് മേറ്റുകളായിരുന്നു എന്നതാണ് രസം. മരത്തടിയിൽ പുളിങ്കൊമ്പ് കൊണ്ടുള്ള കോലുപയോഗിച്ചായിരുന്നു പഠനത്തിന്റെ തുടക്കം. വാദ്യം കുട്ടികളായിരിക്കെ പരിശീലിക്കുന്നതാണ് നല്ലതെന്ന് ക്ലാസിൽ ചേർന്ന് ഏതാനും ദിവസം കൊണ്ടെനിക്ക് മനസിലായി. കാരണം കുട്ടികളായ ഞങ്ങളുടെ കൈകളിൽ കോൽ വഴങ്ങുന്നത് പോലെ മുതിർന്നവർക്ക് കഴിയുന്നില്ലായിരുന്നു. ഏഴു മാസത്തെ ക്ലാസ് കൊണ്ട് എന്റെ ബാച്ചുകാർ പഞ്ചാരി മേളം സ്വായത്തമാക്കി അരങ്ങേറ്റത്തിന് തയ്യാറായി. ഇതിനിടെ ശബരിമലയ്ക്ക് പോകാൻ ഞാനും അച്ഛനും മാലയിട്ട് വ്രതമാരംഭിച്ചിരുന്നു. അരങ്ങേറ്റവും മലയ്ക്ക് പോകാനുള്ള കെട്ടുനിറയും ഒരേ ദിവസമായിരുന്നു. അങ്ങിനെ 24-11-2019 ചെണ്ട അഭ്യസിച്ച ക്ഷേത്രമുറ്റത്ത് തന്നെ അരങ്ങേറ്റവും കുറിച്ചു. അരങ്ങേറ്റത്തിന് ശേഷം ശബരിമലയിലേക്കും പോയി. പഠിച്ചക്ഷേത്രത്തിൽ നടക്കുന്ന പൂജകളോട് അനുബന്ധിച്ച് വാദ്യം നടത്താനായത് എന്റെ ജീവിതത്തിലെ അസുലഭ മുഹൂർത്തമായി ഞാൻ കരുതുന്നു. ഇപ്പോഴും ചില ദിവസങ്ങളിൽ ഞാൻ ക്ഷേത്രത്തിൽ പോയി ചെണ്ട കൊട്ടാറുണ്ട്.

സാമൂഹ്യ സേവനങ്ങളോടുള്ള താത്പര്യമാണ് എന്നെ എൻഎസ്എസിലേക്ക് എത്തിച്ചത്. ഞാൻ പഠിച്ച കേന്ദ്രീയ വിദ്യാലയത്തിൽ ഇത്തരം വിദ്യാർഥി സന്നദ്ധ സംഘടനകളൊന്നുമില്ലായിരുന്നു. അത് കൊണ്ട് തന്നെ താത്പര്യമുണ്ടായിട്ടും എനിക്ക് ഇത്തരം സംഘടനയുടെ ഭാഗമാകാൻ കഴിഞ്ഞിരുന്നില്ല.

ബിഇഎം സ്കൂളിൽ ചേർന്നപ്പോൾ തന്നെ എൻഎസ്എസ് വോളണ്ടിയർ ആകണമെന്ന ആഗ്രഹം ഞാൻ പ്രകടിപ്പിച്ചിരുന്നു. തുടർന്ന് നടത്തിയ സെലക്ഷനിൽ ഞാൻ ഉൾപ്പെട്ടതും വലിയ സന്തോഷമുള്ള കാര്യമാണ്. എൻഎസ്എസിന്റെ സപ്തദിന ക്യാമ്പിൽ

പങ്കെടുക്കാൻ കഴിഞ്ഞത് പുതിയഅനുഭവമായിരുന്നു. കൂട്ടായ്മ, സേവനം, പങ്കുവെക്കൽ, കരുതൽ, തുടങ്ങിയ കാര്യങ്ങൾ കൂടുതൽ വ്യാപ്തിയിൽ മനസിലാക്കാനും ഉൾക്കൊള്ളാനും എൻഎസ്എസിലൂടെയും സപ്തദിന ക്യാമ്പിലൂടെ കഴിഞ്ഞു. ക്യാമ്പ് അനുഭവങ്ങളും ക്ലാസുകളും കൂടുതൽ സേവനസന്നദ്ധനാകുന്നതിന് പ്രചോദനമേകുന്നവയാണ്.

നന്ദി



**രാഹുൽ ജി കൃഷ്ണ**
**പ്ലസ് വൺ**
**കമ്പ്യൂട്ടർ സയൻസ്**

# പ്രണയം



ദിലീപ് പെരുമുണ്ടച്ചേരി
F/O നൈവല്യ നിനവ്
9 എ

ഇരുട്ടു നിറഞ്ഞ മനസ്സിന്റെ കൊട്ടാരത്തിൽ
പഴയ ചെരാത് വീണ്ടും തെളിയുന്നു.
പറയാനുള്ളവ ഹൃദയത്തിൽ ശ്വാസം മുട്ടുന്നു.
അവ മൗനത്തിലേക്ക് ഊർന്നു പോവുന്നു.
എന്റെ കാഴ്ചകൾ മനസ്സിലെന്നോ കുറിച്ചിട്ട
ഒരു ചിത്രത്തെ വർണാഭമാക്കുന്നു.
മനസ്സും ശരീരവും ഹൃദയത്തിൽ നിന്നും
അകന്നു പോകുന്നുവോ?
മോഹങ്ങളും സ്വപ്നങ്ങളും താഴിട്ടു പൂട്ടിയ
മനസ്സിനുള്ളിൽ വസന്തം വിരിയുന്നു.
നിഷേധവും അവഗണനയും മനസ്സിനെ നൊമ്പരപ്പെടുത്തുമ്പോഴും
ഒരായിരം പൂക്കളെ താലോലിച്ചു കൊണ്ട്
വസന്തം ചിരിച്ചുക്കൊണ്ടേയിരിക്കുന്നു. ഹൃദയം
ഒരു പൂവിന്റെ ഇതളിൽ കൊരുത്തിരിക്കുന്നതു പോലെ.
മുഖം കണ്ടാലറിയാം ഉള്ളിലെ വാചാലത
പ്രണയം ഒരു ജലരേഖയായിരുന്നു പക്ഷേ,
ഇപ്പോൾ ഹൃദയത്തിൽ വരഞ്ഞ
ശാശ്വതമായ ഒരു സാന്ത്വനരേഖ പോലെ
എന്റെ മനസ്സിന്റെ കാഴ്ചയാണു നീ
എന്റെ കണ്ണിലെ ഓർമയാണു നീ
പക്ഷെ നീ നീയും ഞാൻ ഞാനുമാകുന്നു.




# ലഹരിവിമുക്ത ദിനാചരണം



# ശുഭചിന്തകൾ........

**ചിന്താശകലങ്ങൾ**

ഒരു ചൈനീസ് പഴമൊഴി ഇങ്ങനെ പറയുന്നു "ഇലകൾ നിറഞ്ഞ ശിഖരങ്ങളില്ലെങ്കിൽ നിങ്ങൾ സ്വയം പഴിക്കുക സൂര്യനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല "നാം പലപ്പോഴും മറ്റുള്ളവരുടെ ജീവിതത്തിലേക്ക് നോക്കിയിട്ട് പരിഭവപ്പെടാറുണ്ട്. എന്തുകൊണ്ടാണ് നമ്മളെക്കാൾ സമ്പന്നമായ ജീവിതം അവർക്ക് കിട്ടിയത്? നമുക്ക് ദുരിത പൂർണ്ണമായ അനുഭവങ്ങൾ ലഭിച്ചതുകൊണ്ടും നമ്മുടെ സാഹചര്യം അങ്ങനെ ആയതുകൊണ്ടുമാണെന്ന് നമ്മോട് തന്നെ നാം പറയുമായിരിക്കാം എന്നാൽ ഈ ചിന്തയെ സമഗ്രമായി വിലയിരുത്തിയാൽ മനസ്സിലാകുന്നത് നമ്മെപ്പോലെ തന്നെ മറ്റുള്ളവരും ദുരിതാനുഭവങ്ങളിലൂടെ കടന്നുപോയിട്ടുണ്ട് എന്നത് തന്നെയാണ്. അതായത് സങ്കീർണമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയപ്പോൾ പ്രശ്നങ്ങളെ അഭിമുഖീകരിച്ചതും അതിനോട് പട വെട്ടിയതും ഒക്കെ തന്നെയാണ് അവരുടെ വിജയത്തിന് അടിസ്ഥാനമായി പ്രവർത്തിച്ചത്. ഒരാളുടെ സ്വഭാവസവിശേഷതകളെ രൂപപ്പെടുത്തിയത് അവന്റെ ഗതകാലാനുഭവങ്ങളാണ്. പുഴുവിൽ നിന്ന് ചിത്രശലഭം പറന്നുയരുന്നതുപോലെയുള്ള പരിണാമ പ്രക്രിയ. നമ്മൾ ഏത് തരത്തിലുള്ള ആളായി തീരണം എന്നത് നമ്മൾ തനിയെ തീരുമാനിക്കേണ്ടതാണ്. അതിന് അജയ്യമായ ആത്മവിശ്വാസം കൂടിയേ തീരൂ. നമ്മുടെ കഴിവിലുള്ള, യോഗ്യതയിലുള്ള വിശ്വാസമാണ് ആത്മവിശ്വാസം. നമ്മിലുള്ള കഴിവുകളുടെ അനന്തമായ സാധ്യതകളിൽ ഒരു ഭാഗം മാത്രമേ നാം കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നുള്ളൂ. നമ്മുടെ



ഉള്ളിലുള്ള സാധ്യതകൾ ആകുന്ന തീപ്പൊരികളെ നേട്ടങ്ങളുടെ ജ്വാലയാക്കി ഉയർത്തിപ്പിടിക്കുക ഇതാണ് ജീവിതവിജയത്തിന്റെ വഴി. അടുത്ത അഞ്ചുവർഷം ഞാൻ ആരായിത്തീരണം എന്നത് സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് വളർത്തിയെടുക്കുക. ആ വ്യക്തിയായി മാറാനുള്ള ചെറിയ ശ്രമങ്ങൾ ഇപ്പോഴേ തുടങ്ങുക .പരാജയപ്പെട്ടും എന്നോർത്ത് ഒരിക്കലും ഭയപ്പെടരുത്. മറിച്ച് ശ്രമിക്കാനുള്ള ആത്മധൈര്യം ഇല്ലെങ്കിൽ ഒരിക്കലും വിജയിക്കുകയില്ല എന്നോർത്താണ് ഭയപ്പെടേണ്ടത്. ആത്മവിശ്വാസവും പ്രത്യാശയും കാത്തുസൂക്ഷിക്കുന്ന ഒരുവനാണെങ്കിൽ നിങ്ങൾക്ക് വേണ്ട പ്രോത്സാഹനം നിങ്ങളുടെ ഉള്ളിൽ തന്നെ രൂപപ്പെടും. മഹാന്മാർ പലരും സ്വന്തം ഉൾ വിളികളുടെ, ആത്മവിശ്വാസത്തിന്റെ, കരുത്തിൽ മുന്നേറിയ വരാണ്. നിങ്ങളുടെ ഏറ്റവും വലിയ പ്രോത്സാഹനം നിങ്ങൾ തന്നെയാണ്. ജീവിതത്തിൽ വെല്ലുവിളികൾ വരുമ്പോൾ സ്വന്തം ഹൃദയത്തോട് പ്രോത്സാഹനജനകമായ വാക്കുകൾ. ഓർക്കുക പ്രോത്സാഹനം പുറമേ നിന്ന വരേണ്ട ഒന്നല്ല. അങ്ങനെയെങ്കിൽ മാത്രമേ പല കൊടുമുടികളെയും നമുക്ക് കീഴടക്കാൻ കഴിയൂ........



**ജുബില ഇ പി**
**അദ്ധ്യാപിക**

# യു.എസ്.എസ് വിജയികൾ



നിഷാൽ ചന്ദ്ര പി കെ     അമൽ കൃഷ്ണ ടി എച്ച്

സൂര്യദേവ് എസ്     അമിത്ത് എ ആർ

അലിഡ ടി കെ

# സ്പ്രിംങ്ങ് ആക്ഷൻ

ചെറുകഥ

:അല്ല ഇതാരാ കല്ല്യാണിയോ...

: ഞീ ഈന്താ ഈടക്ക്ന്നേ

: ഉയീ കണ്ണേട്ടനേം കാത്ത്ക്ക്ന്നാ.

:ങ്ങേ.....ഓറെടെപ്പോയീ?

:ഒരാശാരീനേം നോക്കി പോയതാളെ...... അതൊരു തമാശയാന്നേ.....അതിപ്പം എങ്ങനെയാ പറയാ......ഞാളെ പയേ കട്ടില് ഇന്നാള് എങ്ങനെയോ പൊട്ടിപ്പോയിക്കേ.....ഓറ് പിന്നെ ഒരാശാരീനേം കൂട്ടി വന്ന്ക്ക്.ആല്ലാം ശരിയാക്കി.

: ഉയീ .....ആങ്ങനയാ പറ്റിയോളീ?...



:ആ..... എങ്ങനെയോ പറ്റിപ്പോയിക്കേ.പിന്നെ.....കണ്ണേട്ടന് ഒരു പൂതി....ഇപ്പത്തെ ഒരു കിടക്കയില്ലേ......എന്ത് ന്നേന്നൂ....അത്. സ്പ്രിംങ്ങ് ആക്ഷൻ.അയില് കിടക്കാൻ നല്ല സുഖാപോലും. മൂപ്പര് കട്ടിലിന്റെ നീളോം, വീതീം, അളന്ന് ചന്തേപോയി ഒരു കെടക്കേം വാങ്ങി വന്നിക്കേ മോളേ......

:അയേ....എന്നിറ്റ് അയ്യേകിടക്കാൻ നല്ല സുഖേണ്ടേ?

: പിന്നല്ലേ തമാശ....മോളെ...ഉയീന്റപ്പാ....കിടക്ക കട്ട്മ്മട്ടേരം കട്ടിലിന് എന്താളെ ഒയരം.കണ്ണേട്ടൻ നീളോം, വീതീം അല്ലേ നോക്കിക്കുള്ളൂ.അയിന്റ

എകരം മൂപ്പറ് നോക്കീക്കില്ലേ....കുഞ്ഞിമോളേ....

:ഉയീ എന്നിറ്റ്?

:ഇപ്പ പലേം വെച്ച് കട്ട്മ്മക്കേറാ..... പിന്നെ ഒരു ഒന്നൊന്നര

കിടപ്പാ....ആവ്വൂ...

: അയ്ശരി..., പിന്നെന്തിനാളെ കണ്ണേട്ടൻ ആശാരീനേ

കൂട്ടാൻ പോയേ......

: അയിലേണേ.... ഞാമ്പ റഞ്ഞ് എന്നാപ്പിന്നെ

കട്ടിലിന്റ നാലുകാലും മുറിച്ച് ചെറുതാക്കിയാലെന്താ..

: കുഞ്ഞിമോളേ......വല്ലാത്തബുദ്ധിയാണേ....

: അതതാ...ഓറ്ണ്ട് ആശാരീനേം കൂട്ടി

വര്ന്ന്.എന്നാഞാമ്പോയിക്കേ....





ഷാലിമ എം എസ്

അദ്ധ്യാപിക

# അഭിനന്ദനങ്ങൾ

## സംസ്ഥാനതല വിജയികൾക്ക്




### കൃഷ്ണപ്രിയ വി ടി

**സംസ്കൃതോത്സവം**

**പാഠകം (പെൺകുട്ടികൾ)**

**എ ഗ്രേഡ്**



### ശ്രീവേദ് പി


**ശാസ്ത്രോത്സവം**

**ഐ.ടി മേള (സ്ക്രാച്ച് പ്രോഗ്രാമിംഗ്)**

**എ ഗ്രേഡ്**

# നന്ദി

**ലിറ്റിൽ കൈറ്റ്സ്**
**ബാച്ച് 2022-25**



little KITEs

ബി ഇ എം എച്ച് എസ് എസ് വടകര